# സാമൂഹിക പ്രത്യാഘാത പഠനം

ചെറുകര - അങ്ങാടിപ്പുറം റെയിൽവേ സ്റ്റേഷനുകൾക്കിടയിലെ
(എൽ.സി.നം.6) റെയിൽവേ മേൽപ്പാലം നിർമ്മാണം
ഏലംകുളം വില്ലേജ്, പെരിന്തൽമണ്ണ താലൂക്ക്, മലപ്പുറം ജില്ല
0.33 ഹെക്ടർ

## അന്തിമ റിപ്പോർട്ട്

തീയതി : 18/06/2022

റിക്വസിഷൻ അധികാരി
**കേരളാ റെയിൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്**
**(കെ.ആർ.ഡി.സി.എൽ)**

കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.org

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## ഉള്ളടക്കം

**പഠന റിപ്പോർട്ട് - രത്ന ചുരുക്കം**

1.1 ആമുഖം- പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). നടപ്പാക്കൽ ഏജൻസി

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

(ഡി). പദ്ധതി ബാധിതരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.5. സാമൂഹിക പ്രത്യാഘാതം

1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.7. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

**അദ്ധ്യായം 2- പദ്ധതി വിശദീകരണം**

2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

2.1.1. റിക്വസിഷൻ അധികാരി

2.1.1. (എ). കേരളാ റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി. സി.എൽ)

2.1.2. ഭൂമി ഏറ്റെടുക്കൽ - കാര്യ നിർവ്വഹണവിഭാഗം

2.2. പദ്ധതിയുടെ പൊതുആവശ്യ പ്രസക്തി

2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടം എന്നിവ

2.3.1. പദ്ധതി പ്രദേശം

2.4. പദ്ധതി നിർവ്വഹണ ഘട്ടം

2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

2.6. പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

**അദ്ധ്യായം 3- സാമൂഹികപ്രത്യാഘാത പഠനം - സമീപനവും രീതിശാസ്ത്രവും**

3.1. പശ്ചാത്തലം

3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

3.3. പഠന സമീപനം

3.4. പദ്ധതിയുടെ രീതിശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

3.5. വിവരശേഖരണകേന്ദ്രങ്ങൾ

3.6. നടപടികളും സമയക്രമങ്ങളും

3.7. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

3.8. പൊതുഅഭിപ്രായ സ്വീകരണം

**അദ്ധ്യായം 4- പദ്ധതി ഭൂമിയുടെ വിശകലനം**

4.1. ഭൂമിയുടെ വിവരണം

4.2. പദ്ധതി പ്രദേശത്തിൽ ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.

4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ വിവരണം.

4.4. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതുസ്വത്തിന്റെയും വിവരണം.

4.5. പദ്ധതിക്കുവേണ്ടി ഏതെങ്കിലും ഭൂമി മുൻകൂട്ടി വാങ്ങുകയോ മാറ്റിവയ്ക്കപ്പെടുകയോ, വാടകയ്ക്ക് എടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരണം.

4.6. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്ഥാനം, വിസ്തീർണ്ണം മറ്റു വിവരങ്ങൾ

4.7. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്വഭാവം, ഘടന, കൃഷിരീതി, ജല ലഭ്യത

4.8. വസ്തുവിന്റെ വിസ്തൃതി, ഉടമസ്ഥതാ സ്വഭാവം, വിവരണം, താമസ ഭവനങ്ങളുടെ എണ്ണം.

4.9. ഭൂമി വില, ഉടമസ്ഥാവകാശത്തിലെ മാറ്റങ്ങൾ, ഭൂമി കൈമാറ്റം, ഭൂമിയുടെ ഉപയോഗം-കഴിഞ്ഞ 3 വർഷങ്ങളിൽ

**അദ്ധ്യായം 5 - ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും**

5.1. പദ്ധതി നേരിട്ട് ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

5.2. പദ്ധതി നേരിട്ട് അല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

5.3. ഉപയോഗപ്രദമായതും അല്ലാത്തതുമായ ഭൂമിയുടെയും, മറ്റ് സ്വത്തുക്കളുടെയും വിവരങ്ങൾ

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## അദ്ധ്യായം 6- പദ്ധതി ബാധിതരുടെ സാമൂഹ്യ- സാമ്പത്തിക-സാംസ്കാരിക വിവരങ്ങൾ


6.1. ജനസംഖ്യ വിവരങ്ങൾ

6.2. സ്ത്രീ - പുരുഷ അടിസ്ഥാനത്തിൽ ഭൂവുടമകളുടെ വിവരണം.

6.3. പദ്ധതി ബാധിതരായ ഭൂവുടമകളുടെ വയസ്സ് തിരിച്ചുള്ള വിവരണം

6.4. കുടുംബാംഗങ്ങളുടെ എണ്ണം അനുസരിച്ച് ഭൂവുടമകളുടെ വിവരണം.

6.5. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

6.6. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

6.7. ഭൂവുടമകളുടെ സാമ്പത്തികസ്ഥിതി

6.8. ജോലി അടിസ്ഥാനമാക്കി ഭൂവുടമകൾ

6.9. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ

6.10. പദ്ധതി ബാധിതരുടെ കുടുംബാംഗങ്ങളുടെ സാമൂഹ്യ - സാമ്പത്തിക വിവരങ്ങൾ

6.10.1. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ പ്രായം തിരിച്ചുള്ള വിവരങ്ങൾ

6.10.2. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളും വിദ്യാഭ്യാസ നിലവാരം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ

6.11. ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരണങ്ങൾ

6.11.1. ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരണം

6.11.2. ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വയസ്സ് തിരിച്ചുള്ള വിവരണം

6.11.3. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരങ്ങൾ

6.11.4. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരങ്ങൾ

6.11.5 ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ സാമ്പത്തിക സ്ഥിതി

6.11.6. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരങ്ങൾ


## അദ്ധ്യായം 7 - സാമൂഹ്യപ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതി


7.1. പ്രത്യാഘാത ലഘൂകരണ നടപടികൾ

7.2. പുനരധിവാസ പുനസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ

7.3. പദ്ധതിക്ക് വേണ്ടി ഭൂമി ആവശ്യപ്പെടുന്ന നടപ്പാക്കൽ ഏജൻസി പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ




KERALA V H S * MULLANKUZHY KOTTAYAM-2 * COLLECTORATE P.O.

7.4 .സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റങ്ങളും കൂട്ടി ചേർക്കേണ്ട കാര്യങ്ങളും
7.5. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം-വിശദാംശങ്ങൾ

**അദ്ധ്യായം 8- സാമൂഹ്യപ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ നടപ്പാക്കൽ സംവിധാന ഘടന**

8.1. സ്ഥാപന ഘടനാ സംവിധാനം

**അദ്ധ്യായം 9- സാമൂഹികപ്രത്യാഘാത കാര്യ നിർവ്വഹണവും ബജറ്റും പ്രത്യാഘാത ലഘൂകരണത്തിന് വേണ്ടിയുള്ള സാമ്പത്തികവും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ചിലവ്
9.2. വാർഷിക ബജറ്റും പദ്ധതി രൂപരേഖയും
9.3. സാമ്പത്തിക സ്രോതസ്സും വിശദീകരണവും

**അദ്ധ്യായം 10- സാമൂഹികപ്രത്യാഘാത കാര്യനിർവ്വഹണ പദ്ധതി - മേൽനോട്ടവും വിലയിരുത്തലും**

10.1. പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ
10.2. മേൽനോട്ടവും റിപ്പോർട്ടിംഗും
10.3. സ്വതന്ത്രമായ വിലയിരുത്തലിന് വേണ്ടിയുള്ള പദ്ധതി

**അദ്ധ്യായം 11 -സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

**അനുബന്ധരേഖകൾ**

1. **പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ**
2. **ഫോട്ടോഗ്രാഫ്**
3. **പത്രപ്പരസ്യം-ഫോം.നം.5- നോട്ടിഫിക്കേഷൻ**
4. **നോട്ടീസ്**
5. **പബ്ളിക്ഹിയറിംഗ്-ഹാജർ**
6. **ഗസറ്റ് നോട്ടിഫിക്കേഷൻ**
7. **പദ്ധതി ബാധിതരുടെ പരാതികളും നിർദ്ദേശങ്ങളും**

KERALA VHS MULLAKKIZHY KOTTAYAM COLLECTORATE P.O.

## സാമൂഹിക പ്രത്യാഘാത പഠനം
## ചെറുകര - അങ്ങാടിപ്പുറം റെയിൽവേ സ്റ്റേഷനുകൾക്കിടയിലെ
## (എൽ.സി.നം.6) റെയിൽവേ മേൽപ്പാലം നിർമ്മാണം
## ഏലംകുളം വില്ലേജ്, പെരിന്തൽമണ്ണ താലൂക്ക്, മലപ്പുറം
## 0.33 ഹെക്ടർ

## പഠന റിപ്പോർട്ട്- രത്ന ചുരുക്കം

### 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

ഷൊർണ്ണൂർ പെരിന്തൽമണ്ണ സംസ്ഥാനപാത 23, ഷൊർണ്ണൂർ നിലമ്പൂർ റെയിൽവേ ലൈനിനെ മലപ്പുറം ജില്ലയിലെ ചെറുകരയിൽ ഖണ്ഡിക്കുന്ന ചെറുകര ലെവൽക്രോസിൽ മേൽപ്പാലം നിർമ്മിക്കുന്ന പദ്ധതിയാണ് ചെറുകര റെയിൽവേ മേൽപ്പാലം പദ്ധതി. 2025-ഓടെ കേരളത്തെ ലെവൽക്രോസ് രഹിത റെയിൽ ഗതാഗത സംസ്ഥാനം ആക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ പ്രധാന ലവൽക്രോസിങ്ങുകളിലും, മേൽപ്പാലം നിർമ്മിക്കുന്ന വലിയ പദ്ധതിക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഫണ്ട് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഏറ്റവും തിരക്കേറിയ സംസ്ഥാന പാതകളിൽ ഒന്നാണ് പെരിന്തൽമണ്ണ-ഷൊർണൂർ പാത. ഉദ്ദേശം പതിനൊന്ന് ട്രെയിനുകൾ കടന്നു പോകുന്ന ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ ലൈൻ വികസന ഘട്ടത്തിലാണ്. ആധുനിക സിഗ്നലിംഗ് സംവിധാനങ്ങളുടെ സ്ഥാപനം അതിന്റെ അവസാനഘട്ടത്തിലാണ്. കൂടാതെ നിലമ്പൂർ പാതയെ പാലക്കാടുമായി ബന്ധിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നു വരികയാണ്. ഇത് എല്ലാം സൂചിപ്പിക്കുന്നത് ഷൊർണ്ണൂർ നിലമ്പൂർ പാത വളരെ പ്രാധാന്യമുള്ള ഒരു റെയിൽ പാതയായി മാറാനുള്ള അധിക സാധ്യത പദ്ധതിയുടെ പൊതുതാൽപര്യം വർദ്ധിപ്പിക്കുന്നു എന്നാണ്.

ലെവൽക്രോസിംഗുകൾ എന്നും സമയ നഷ്ടം ഉണ്ടാക്കുന്ന ഗതാഗത തടസ്സത്തിന് കാരണമാവുന്നു. ലെവൽക്രോസിംഗുകളിൽ ഉണ്ടാവുന്ന സമയ നഷ്ടം പരിഹരിക്കാൻ കൂടുതൽ വേഗത സ്വീകരിക്കുക, ലെവൽ ക്രോസ് അടയ്ക്കുന്ന സമയങ്ങളിൽ അനധികൃതമായി മുറിച്ചുകടക്കുക തുടങ്ങിയവ വലിയ റോഡ് സുരക്ഷാ പ്രശ്നങ്ങൾക്ക് കാരണമാവുന്നുണ്ട് ആവശ്യസമയത്ത് ആരോഗ്യ പരിരക്ഷ ലഭ്യമാകാതിരിക്കുക, ഓഫീസുകളിലും, സ്കൂളുകളിലും കൃത്യസമയത്ത് ഹാജരാകുന്നതിൽ തടസ്സങ്ങൾ ഉണ്ടാവുക എന്നിവയെല്ലാം ലെവൽക്രോസിംഗ് മൂലം സംഭവിക്കുന്ന പ്രശ്നങ്ങളാണ്. നടപ്പാക്കൽ ഏജൻസിയുടെ പഠനം സൂചിപ്പിക്കുന്നത് ദിവസം 3700 വാഹനങ്ങൾ ചെറുകര ലെവൽ ക്രോസിലൂടെ കടന്നു പോവുന്നു എന്നും അവയിൽ 1700 ഉം ഭാരവണ്ടികളാണ് എന്നുമാണ്. അതായത് ലെവൽക്രോസിലെ ഗതാഗതതടസ്സം വലിയതോതിൽ സമയ നഷ്ടം, ഇന്ധന നഷ്ടം എന്നിവ ഉണ്ടാക്കുന്നു.

ചെറുകര റെയിൽവേ മേൽപ്പാലം ഭരണാനുമതി ലഭ്യമായി, ഭൂമി ഏറ്റെടുക്കൽ ഘട്ടത്തിലാണ്. പദ്ധതി സാമൂഹ്യ പ്രത്യാഘാത പഠനത്തിന് സമർപ്പിച്ചതിന്റെ ഭാഗമായി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## 1.2. പദ്ധതി പ്രദേശം

മലപ്പുറം ജില്ലയിലെ ഒരു ചെറിയ ഗ്രാമമാണ് ചെറുകര. മുസ്ലീം ഭൂരിപക്ഷമായ പ്രദേശത്ത്, ഇതര മതസ്ഥരും ഇടകലർന്ന് വസിക്കുന്നു. പെരിന്തൽമണ്ണ ജംഗ്ഷനിൽ നിന്നും ആറ് കിലോമീറ്റർ മാത്രം മാറി സ്ഥിതി ചെയ്യുന്ന പദ്ധതി പ്രദേശത്ത് കൂടി ഷൊർണ്ണൂർ - നിലമ്പൂർ റെയിൽപാത കടന്നു പോകുന്നു. പെരിന്തൽമണ്ണ- ഷൊർണ്ണൂർ ദേശീയ പാതയും ചെറുകര യിലൂടെയാണ് പോവുന്നത്. വിദ്യാഭ്യാസ - ആരോഗ്യ സൂചകങ്ങളിൽ സംസ്ഥാന ശരാശരി യോടൊപ്പം നിൽക്കുന്ന പ്രദേശം സ്ത്രീ - പുരുഷ അനുപാതത്തിൽ സംസ്ഥാന ശരാശരി യേക്കാളും മുന്നിലാണ്. പൊതുവേ താമസ പ്രധാന പ്രദേശമായി കണക്കാക്കാം എങ്കിലും സംസ്ഥാന പാതയുടെ ഓരങ്ങൾ വാണിജ്യ പ്രധാനമാണ്.

## 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ (എൽ.എ, ജനറൽ) മലപ്പുറം ഓഫീസാണ് പദ്ധതി സംബന്ധമായ ഭൂരേഖകൾ തയ്യാറാക്കിയതും ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ആരംഭിച്ചതും. ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാഥമിക സ്കെച്ചുകൾ രൂപപ്പെടുത്തുകയും, അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) മലപ്പുറം ആണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിപ്പിക്കുന്നത്.

### (ബി). നടപ്പാക്കൽ ഏജൻസി

കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ഒരു സംയുക്ത സംരംഭം ആണ്. സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകുകയും, പദ്ധതികളുടെ നിർവഹണം ഏറ്റെടുക്കുകയുമാണ് കെ.ആർ.ഡി.സി.എൽ ന്റെ മുഖ്യ ലക്ഷ്യം. കൂടാതെ പൊതു - സ്വകാര്യ മേഖലയിലുള്ള റെയിൽ വികസന പദ്ധതികളിലെ പങ്കാളിത്തത്തിലൂടെ സമയ ബന്ധിതമായ പദ്ധതി നിർവ ഹണം, സാങ്കേതിക മികവ് എന്നിവയും കെ.ആർ.ഡി.സി.എൽ ന്റെ ഉദ്ദേശത്തിൽപ്പെടുന്നു. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേന്ദ്ര ഓഫീസിന് കീഴിൽ എറണാകുളത്ത് റീജിയ ണൽ ഓഫീസും പ്രവർത്തിക്കുന്നു.

### (സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

പദ്ധതിക്കുവേണ്ടി 0.33 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പെരി ന്തൽമണ്ണ - ഷൊർണ്ണൂർ സംസ്ഥാന പാത ( എസ്.എച്ച്.23) ഷൊർണ്ണൂർ - നിലമ്പൂർ റെയിൽവേ ലൈൻ മുറിച്ചു കടക്കുന്ന ചെറുകര ലെവൽ ക്രോസിന്റെ കിഴക്കും പടിഞ്ഞാറും വശങ്ങളിലായി സംസ്ഥാന പാത 23- ന്റെ ഇരു വശങ്ങളിലുമുള്ള ഇരുപത് ഭൂഉടമസ്ഥരുടെ ഭൂമിയാണ് പദ്ധതി പ്രദേശം. ഇതിൽ രണ്ട് വിദ്യാഭ്യാസ സ്ഥാപന ഭൂമി, ഒരു മുസ്ലീം ആരാധ



KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

നാലയ ഭൂമി, ഒരു അമ്പലം വക സ്ഥലം എന്നിവയും ഉൾപ്പെടുന്നു. പദ്ധതി ഭൂമിയിൽ ഒരു താമസ ഭവനം, ഒരു വാടകയ്ക്ക് നൽകിയ ഭവനം, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മതിൽ, ശുചിമുറി, വീടുകളുടെ ചുറ്റുമതിൽ എന്നിവ ചമയങ്ങളായി സ്ഥിതി ചെയ്യുന്നു. നൂറ്റാണ്ടുകളായി പ്രാദേശിക അമ്പലത്തിന്റെ കളരിതറയായി കണക്കാക്കുന്നതും, വർഷത്തിൽ ഒരിയ്ക്കൽ ആചാര വിധി പ്രകാരം കർമ്മങ്ങൾ നടത്തുന്നതുമായ കളരിത്തറ പദ്ധതി ഭൂമിയിൽ ഉൾപ്പെടുന്നു. കൂടാതെ പല താമസ ഭവനങ്ങളുടെയും പ്രവേശന മാർഗ്ഗം, മുൻഭാഗത്തെ മുറ്റം എന്നിവയും പദ്ധതി ഭൂമിയിൽ ഉൾപ്പെടുന്നു. പൊതുവെ താമസ പ്രധാനം എന്ന് കണക്കാക്കിയാലും സംസ്ഥാന പാതയുടെ സാമീപ്യം പദ്ധതി പ്രദേശത്തെ വാണിജ്യ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. എസ്.എൻ.ഡി.പി. ശതാബ്ദി സ്മാരക റോഡ്, ചെറുകര കൊല്ലക്കോട് മുക്ക് റോഡ് എന്നിവ പദ്ധതി പ്രദേശത്ത് വന്ന് ചേരുന്നു.

### (ഡി).പദ്ധതി ബാധിതരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

ഇരുപത് ഭൂ ഉടമസ്ഥരുടെ ഭൂമിയാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. അതിൽ നാല് ഭൂമി ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടേത് ആണ്. ശേഷിക്കുന്ന പതിനാറ് ഭൂമിയുടെ ഉടമസ്ഥതയിൽ ഒരെണ്ണം കൂട്ടുടമസ്ഥതയിൽ ആണ്. പദ്ധതി ബാധിതരുടെ സാമൂഹ്യ സാമ്പത്തിക വിതരണം സൂചിപ്പിക്കുന്നത് എല്ലാവരും മധ്യവർഗ്ഗ സാമ്പത്തിക സ്ഥിതിയിൽ ഉള്ളവരും പത്താം തരമോ അതിന് മുകളിലോ വിദ്യാഭ്യാസം ഉള്ളവരും ആണ് എന്നാണ്. ശരാശരി മാസവരുമാനം പതിനഞ്ചായിരത്തിന് മുകളിൽ ഉള്ളവരാണ് എല്ലാവരും. പദ്ധതി ബാധിതരിൽ പതിനൊന്ന് പേർ ഹിന്ദുമത വിശ്വാസികളും, അഞ്ച് പേർ മുസ്ലീം മത വിശ്വാസികളുമാണ്. പ്രായ വിതരണം സൂചിപ്പിക്കുന്നത് രണ്ട് പേർ മുപ്പത് വയസ്സിൽ താഴെയുള്ളവരും പത്ത് പേർ അമ്പത് വയസ്സിന് മുകളിൽ പ്രായമുള്ളവരും എന്നാണ്.

### 1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

പഠന സമയത്ത് പദ്ധതി സംബന്ധമായി യാതൊരു വിധ ബദൽ നിർദ്ദേശവും പദ്ധതി ബാധിതരിൽ നിന്നോ തദ്ദേശ സ്വയംഭരണ നേതൃത്വത്തിൽ നിന്നോ ഉണ്ടായിട്ടില്ല.

### 1.5. സാമൂഹിക പ്രത്യാഘാതം

ഒരു താമസ ഭവനത്തിന്റെയും ഒരു വാടക വീടിന്റെയും നഷ്ടം, പതിനേഴ് ഭൂഉടമസ്ഥരുടെ ഭൂമി നഷ്ടം, ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഏതാനും ചമയങ്ങളുടെ നഷ്ടം, ഒരു ക്ഷേത്രത്തിന്റെ ആചാരത്തിന്റെ ഭാഗമായ കളരിത്തറയുടെ നഷ്ടം, നാല് വ്യാപാര സ്ഥാപനങ്ങൾ കുടിയൊഴിപ്പിക്കപ്പെടുന്നത് എന്നിവ പ്രത്യക്ഷ പ്രത്യാഘാതമായി ചൂണ്ടിക്കാട്ടാവുന്നതാണ്. പദ്ധതി പ്രദേശത്തെ നാല് താമസഭവനങ്ങളുടെ പ്രവേശനമാർഗ്ഗം ഉൾപ്പെടുന്ന ഭൂമിയുടെ നഷ്ടം, മേൽപ്പറഞ്ഞ വീടുകളുടെ സ്വകാര്യതയെ ബാധിക്കുന്ന ഘടകമാണ്. കുടിയൊഴിപ്പിക്കപ്പെടുന്ന നാല് വ്യാപാര സ്ഥാപനങ്ങൾക്ക് വ്യാപാര നഷ്ടവും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടവും ഉണ്ടാവുന്നുണ്ട്. ചുറ്റുമതിൽ, ശുചിമുറി എന്നിവ നഷ്ടപ്പെടുന്ന

KERALA VHS MULLANPUZHY KOTTAYAM-2 COLLECTORATE P.O.

സ്കൂളിന്റെ കെട്ടിടത്തിന്റെ തൊട്ട് ചേർന്നാണ് പദ്ധതി അതിർത്തി കടന്നു പോകുന്നത്. കുട്ടികൾക്ക് എങ്ങനെ സുരക്ഷ ഉറപ്പ് വരുത്താം എന്ന് സ്കൂൾ അധികൃതരുമായി ചർച്ച ചെയ്യേണ്ടതാണ്. കളരിത്തറ നഷ്ടപ്പെടുന്ന അമ്പലത്തിന്റെ അധികാരികൾ പറയുന്നത് പദ്ധതി ഇപ്പോഴത്തെ രീതിയിൽ വരുകയാണെങ്കിൽ അവരുടെ നൂറ്റാണ്ടുകൾ പഴക്കമുള്ള കളരിത്തറയും, അതിൽ ഓരോ വർഷവും നടത്തപ്പെടുന്ന ആചാര അനുഷ്ഠാനങ്ങളും നഷ്ടപ്പെടും എന്നാണ്. കൂടാതെ പദ്ധതി പ്രദേശത്തേക്ക് ഒരു പി.ഡബ്ല്യൂ.ഡി റോഡും, പഞ്ചായത്ത് റോഡും വന്നു ചേരുന്നുണ്ട്. പ്രസ്തുത റോഡുകളിലേക്ക് ഉള്ള പ്രവേശനവും സുഗമമായി പുനസ്ഥാപിക്കേണ്ടതുണ്ട്.

### 1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2 | കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം പുനസ്ഥാപനം | നഷ്ട പരിഹാരം നൽകുക ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക.കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 3 | ചമയങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 4 | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 5 | വാടക വീടുകളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരവും പുനസ്ഥാപനവും നൽകുക |
| 6 | വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 7 | റോഡ് ഭവനവുമായി വളരെ ചേർന്ന് പോകുന്നു. | സുരക്ഷിതത്വം പുനർവാസം | ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക |
| 8 | സാംസ്കാരിക വസ്തുക്കളുടെ നഷ്ടം | പുനസ്ഥാപനം | പുനസ്ഥാപനം |
| 9 | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |



KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | |
|---|---|---|---|
| 10 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 11 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

1.7. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 2 | കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | ഉയർന്ന | മധ്യമം/ കുറഞ്ഞ | നഷ്ട പരിഹാരം നൽകുക<br>ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക.കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 3 | ചമയങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 4 | ചമയങ്ങളുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 5 | വാടക കെട്ടിടങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞ | കുറഞ്ഞ | നഷ്ട പരിഹാരവും പുനസ്ഥാപനവും നൽകുക |
| 6 | വീടുകളിലേക്കും ഭൂമി | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | ഉയർന്ന | കുറഞ്ഞ | ഓരോ പ്രവേശന മാർഗ്ഗങ്ങളെക്കുറിച്ചും |

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| | യിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | | | | | | പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 7 | റോഡ് / പാലം ഭവനവുമായി വളരെ ചേർന്ന് പോകുന്നു. | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | മധ്യമം | കുറഞ്ഞത് | ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക |
| 8 | മരങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 9 | സാംസ്കാരിക വസ്തുക്കളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | സാധ്യമാകുവോളം സംരക്ഷിക്കണം |
| 10 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | പോസിറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 11 | പരാതി പരിഹാരം | പോസിറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

KERALA V H S ★ MULLANKUZHY ★ KOTTAYAM-2 COLLECTORATE P.O.

**1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

ഒരു താമസഭവനത്തിന്റെ മാത്രം നഷ്ടം ഉള്ളതിനാലും, പദ്ധതിയുടെ അതിർത്തികല്ല് സ്ഥാപന സമയത്ത് ഭൂരിഭാഗം പദ്ധതി ബാധിതരും സന്നിഹിതരായതിനാലും പദ്ധതി ബാധിതരുമായി കൂടിയാലോചനകൾ നടത്തിയതിനാലും, പദ്ധതി സംബന്ധമായി ഒരു ദശകത്തിൽ അധികമായി ചർച്ചകൾ നടക്കുന്നതിനാലും, പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരം എന്ന് കണക്കാക്കാവുന്നതാണ്. എന്നാൽ താമസ ഭവനം നഷ്ടപ്പെടുന്ന ഭവനത്തിന് പുനസ്ഥാപനത്തിന് പദ്ധതി പ്രദേശത്ത് ഭൂമി അവശേഷിക്കുന്നില്ല എന്നത് ആ കുടുംബത്തിന്റെ പ്രത്യാഘാതത്തെ ഗൗരവതരമാക്കുന്നു. ഏതാനും താമസഭവനങ്ങളുടെ മുൻവശത്തെ ഭൂമി നഷ്ടപ്പെടുന്നത് ആ ഭവനങ്ങളിലേക്കുള്ള പ്രവേശന മാർഗ്ഗം, ഭവനങ്ങളുടെ സുരക്ഷിതത്വം എന്നിവയെ ബാധിക്കുന്നുണ്ട്. നടപ്പാക്കൽ ഏജൻസിയുടെ സാങ്കേതിക വിദഗ്ധർ മേൽപ്പറഞ്ഞ പദ്ധതി ബാധിതരുമായി ചർച്ച നടത്തുകയും, പദ്ധതിയുടെ രൂപരേഖ എപ്രകാരം ബാധിക്കപ്പെടാം എന്ന കാര്യങ്ങൾ അവരുമായി സംവദിക്കുകയും ചെയ്താൽ മുൻകൂട്ടി പ്രത്യാഘാത ലഘൂകരണ നടപടികൾ ആരംഭിക്കുന്നതിന് പദ്ധതി ബാധിതർക്ക് സഹായകരമാണ്.
പദ്ധതി ബാധിക്കുന്നതും ആരാധനാലയത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ കളരിത്തറ പ്രാദേശിക സംസ്കാരത്തിന്റെ ഭാഗമാണ്. വർഷത്തിൽ ഒന്ന് നടത്തപ്പെടുന്ന ആചാരാനുഷ്ഠാനങ്ങൾ ആ പ്രദേശത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമായിക്കണ്ട് കളരിത്തറ പുനസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ആരാധനാലയ അധികൃതരുമായി ചർച്ച ചെയ്യുന്നത് പ്രത്യാഘാത ലഘൂകരണത്തിന് സഹായകരമാണ്. ചുറ്റുമതിൽ, ശുചിമുറി എന്നിവ നഷ്ടപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ സമീപത്ത് കൂടെയാണ് പദ്ധതി കടന്നുപോവുന്നത്. കുട്ടികളുടെ സുരക്ഷിതത്വം, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തുടർ നടത്തിപ്പ് എന്നിവ സ്കൂൾ അധികൃതർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നടപ്പാക്കൽ ഏജൻസി എന്നിവർ കൂട്ടായി ചർച്ച നടത്തി തീരുമാനം എടുക്കേണ്ടതാണ്.
പദ്ധതി പ്രദേശത്ത് വന്നു ചേരുന്ന ഒരു പൊതുമരാമത്ത് വകുപ്പ് റോഡ്, ഒരു പഞ്ചായത്ത് റോഡ് എന്നിവയിലൂടെ ഉള്ള ഗതാഗതം സുഗമമാക്കുന്ന വിധം പദ്ധതി നടപ്പാക്കേണ്ടതാണ്.

ഒരു മുസ്ലീം ആരാധനാലയത്തിന്റെ സ്ഥലം, വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടം. നാല് വ്യാപര സ്ഥാപനങ്ങൾ എന്നിവ പദ്ധതി മൂലം നഷ്ടപ്പെടുന്നുണ്ട്. വ്യാപാര സ്ഥാപനങ്ങൾ നഷ്ടപ്പെടുന്നവർക്ക് വ്യാപാര നഷ്ടവും, ജോലി നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് നഷ്ടപരിഹാരവും നൽകി പുനസ്ഥാപന പ്രവർത്തനം രൂപപ്പെടുത്താവുന്നതാണ്.
പഠന സമയത്ത് പദ്ധതി സംബന്ധമായി യാതൊരു വിധ ബദൽ നിർദ്ദേശവും പദ്ധതി ബാധിതരിൽ നിന്നോ തദ്ദേശ സ്വയംഭരണ നേതൃത്വത്തിൽ നിന്നോ ഉണ്ടായിട്ടില്ല.
മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് പദ്ധതിയുടെ പൊതുതാൽപ്പര്യം, വികസന പ്രാധാന്യം, പദ്ധതിക്ക് വേണ്ടിയുള്ള പൊതുജന താൽപ്പര്യം എന്നിവ വർദ്ധിത അളവിൽ ഉള്ളതും പദ്ധതിയുടെ പ്രത്യാഘാതം പൊതുതാൽപ്പര്യവുമായി താരതമ്യപ്പെടുത്തുമ്പോൾ നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ നിയമം അനുശാസിക്കുന്ന നഷ്ട പരിഹാര നിർണ്ണയത്തിലൂടെയും, വിതരണത്തിലൂടെയും കുറയ്ക്കാനും, ഇല്ലായ്മ ചെയ്യാനും കഴിയും എന്നതിനാലും, പദ്ധതിയുമായി ഗവൺമെന്റിന് മുന്നോട്ട് പോകാവുന്നതാണ്.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## അദ്ധ്യായം 2
## പദ്ധതി വിശദീകരണം

### 2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

ഷൊർണ്ണൂർ പെരിന്തൽമണ്ണ സംസ്ഥാനപാത 23, ഷൊർണ്ണൂർ നിലമ്പൂർ റെയിൽവേ ലൈനിനെ മലപ്പുറം ജില്ലയിലെ ചെറുകരയിൽ ഖണ്ഡിക്കുന്ന ചെറുകര ലെവൽക്രോസിൽ മേൽപ്പാലം നിർമ്മിക്കുന്ന പദ്ധതിയാണ് ചെറുകര റെയിൽവേ മേൽപ്പാലം പദ്ധതി. സംസ്ഥാനത്തെ ഏറ്റവും തിരക്കേറിയ സംസ്ഥാന പാതകളിൽ ഒന്നാണ് പെരിന്തൽമണ്ണ -ഷൊർണൂർ പാത. ഉദ്ദേശം പതിനൊന്ന് ട്രെയിനുകൾ കടന്നു പോകുന്ന ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ ലൈൻ വികസന ഘട്ടത്തിലാണ്. ആധുനിക സിഗ്നലിംഗ് സംവിധാനങ്ങളുടെ സ്ഥാപനം അതിന്റെ അവസാനഘട്ടത്തിലാണ്. കൂടാതെ നിലമ്പൂർ പാതയെ പാലക്കാടുമായി ബന്ധിക്കുന്നതിനുള്ള പഠനങ്ങൾ നടന്നു വരികയാണ്. ഇത് എല്ലാം സൂചിപ്പിക്കുന്നത് ഷൊർണ്ണൂർ നിലമ്പൂർ പാത വളരെ പ്രാധാന്യമുള്ള ഒരു റെയിൽ പാതയായി മാറാനുള്ള അധിക സാധ്യത പദ്ധതിയുടെ പൊതുതാൽപര്യം വർദ്ധിപ്പിക്കുന്നു എന്നാണ്. നടപ്പാക്കൽ ഏജൻസിയുടെ പഠനം സൂചിപ്പിക്കുന്നത് ദിവസം 3700 വാഹനങ്ങൾ ചെറുകര ലെവൽ ക്രോസിലൂടെ കടന്നു പോവുന്നു എന്നും അവയിൽ 1700 ഉം ഭാരവണ്ടികളാണ് എന്നുമാണ്. അതായത് ലെവൽക്രോസിലെ ഗതാഗതതടസ്സം വലിയതോതിൽ സമയ നഷ്ടം, ഇന്ധന നഷ്ടം എന്നിവ ഉണ്ടാക്കുന്നു.

#### 2.1.1. റിക്വസിഷൻ അധികാരി

##### 2.1.1. (എ). കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ഒരു സംയുക്ത സംരംഭം ആണ്. സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകുകയും, പദ്ധതികളുടെ നിർവഹണം ഏറ്റെടുക്കുകയുമാണ് കെ.ആർ.ഡി.സി.എൽ ന്റെ മുഖ്യ ലക്ഷ്യം. കൂടാതെ പൊതു - സ്വകാര്യ മേഖലയിലുള്ള റെയിൽ വികസന പദ്ധതികളിലെ പങ്കാളിത്തത്തിലൂടെ സമയ ബന്ധിതമായ പദ്ധതി നിർവ ഹണം, സാങ്കേതിക മികവ് എന്നിവയും കെ.ആർ.ഡി.സി.എൽ ന്റെ ഉദ്ദേശത്തിൽപ്പെടുന്നു. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേന്ദ്ര ഓഫീസിന് കീഴിൽ എറണാകുളത്ത് റീജിയ ണൽ ഓഫീസും പ്രവർത്തിക്കുന്നു.

#### 2.1.2. ഭൂമി ഏറ്റെടുക്കൽ - കാര്യ നിർവ്വഹണ വിഭാഗം

സ്പെഷ്യൽ തഹസിൽദാർ (എൽ.എ, ജനറൽ) മലപ്പുറം ഓഫീസാണ് പദ്ധതി സംബന്ധമായ ഭൂരേഖകൾ തയ്യാറാക്കിയതും ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ആരംഭിച്ചതും. ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാഥമിക സ്കെച്ചുകൾ രൂപപ്പെടുത്തുകയും, അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ആണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിപ്പിക്കുന്നത്.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## 2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

ദിവസേന മൂവായിരത്തിൽ അധികം വാഹനങ്ങൾ കടന്ന് പോകുന്ന ചെറുകര റെയിൽവേ ഗെയിറ്റ്, സംസ്ഥാന പാത ഇരുപത്തി മൂന്നിൽ വലിയ ഗതാഗത തടസ്സം ആണ് സൃഷ്ടിക്കുന്നത്. ഭാര വണ്ടികളുടെ പെരുപ്പം, ഈ തടസ്സങ്ങളുടെ ദൈർഘ്യം അടിക്കടി വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഷൊർണ്ണൂർ - നിലമ്പൂർ റെയിൽവേ ലൈൻ വികസനത്തിന്റെ ഘട്ടത്തിലാണ്. നിലമ്പൂർ-മൈസൂർ പാത വിഭാവനം ചെയ്യപ്പെട്ടു വരുന്നു. കൂടാതെ നിലമ്പൂർ – -പാലക്കാട് ലൈനും ആസൂത്രണ ഘട്ടത്തിലാണ്. ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നത് പദ്ധതിക്ക് വലിയ പൊതുതാൽപ്പര്യ പ്രസക്തി ഉണ്ട് എന്നാണ്.

## 2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടം എന്നിവ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | എണ്ണം |
|---|---|---|
| 1 | ഭൂമി ഭാഗിക നഷ്ടം | 20 |
| 2 | താമസഭവനങ്ങളുടെ നഷ്ടം | 1 |
| 3 | താമസഭവനങ്ങളുടെ നഷ്ടം (വാടക) | 1 |
| 4 | വാണിജ്യ കെട്ടിടങ്ങളുടെ നഷ്ടം | 3 |
| 5 | വാണിജ്യ കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | 1 |
| 6 | മരങ്ങളുടെ നഷ്ടം | 52 |
| 7 | ചമയങ്ങളുടെ നഷ്ടം | 14 |
| 8 | ഇട റോഡിന്റെ നഷ്ടം | 3 |

### 2.3.1. പദ്ധതി പ്രദേശം

മലപ്പുറം ജില്ലയിലെ ഒരു ചെറിയ ഗ്രാമമാണ് ചെറുകര. മുസ്ലീം ഭൂരിപക്ഷമായ പ്രദേശത്ത്, ഇതര മതസ്ഥരും ഇടകലർന്ന് വസിക്കുന്നു. പെരിന്തൽമണ്ണ ജംഗ്ഷനിൽ നിന്നും ആറ് കിലോമീറ്റർ മാത്രം മാറി സ്ഥിതി ചെയ്യുന്ന പദ്ധതി പ്രദേശത്ത് കൂടി ഷൊർണ്ണൂർ - നിലമ്പൂർ റെയിൽപാത കടന്നു പോകുന്നു. പെരിന്തൽമണ്ണ- ഷൊർണ്ണൂർ ദേശീയ പാതയും ചെറുകരയിലൂടെയാണ് പോവുന്നത്. വിദ്യാഭ്യാസ - ആരോഗ്യ സൂചകങ്ങളിൽ സംസ്ഥാന ശരാശരിയോടൊപ്പം നിൽക്കുന്ന പ്രദേശം സ്ത്രീ - പുരുഷ അനുപാതത്തിൽ സംസ്ഥാന ശരാശരിയേക്കാളും മുന്നിലാണ്. പൊതുവേ താമസ പ്രധാന പ്രദേശമായി കണക്കാക്കാം എങ്കിലും സംസ്ഥാന പാതയുടെ ഓരങ്ങൾ വാണിജ്യ പ്രധാനമാണ്.

## 2.4. പദ്ധതി നിർവ്വഹണ ഘട്ടം

പദ്ധതി സംബന്ധമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയും ഭൂമിയുടെ രൂപരേഖ തയ്യാറാക്കുകയും അതിർത്തികല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## 2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

ബാധകമല്ല

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

**2.6. പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത**
ബാധകമല്ല

**2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത**
ബാധകമല്ല

**2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ**
ബാധകമല്ല.

**2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും**

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1893<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ<br>പുനരധിവാസവും പുനസ്ഥാപനവും |
| 3 | കേരള തണ്ണീർത്തട സംരക്ഷണ നിയമം | തണ്ണീർത്തടങ്ങൾ വികസന കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് |

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

## അദ്ധ്യായം 3

## സാമൂഹിക പ്രത്യാഘാത പഠനം - സമീപനവും രീതി ശാസ്ത്രവും

### 3.1. പശ്ചാത്തലം

ഡി.സി.എം.പി.എം 5533/2019 എൽ.എ5 തീയതി 10, മെയ് 2022 വിജ്ഞാപനം, കേരള ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ 1723 തീയതി 26, മെയ് 2022 പ്രകാരവും കേരള സർക്കാർ കേരളാ വോളന്ററി ഹെൽത്ത് സർവ്വീസിനെ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽ ഏലംകുളം വില്ലേജിൽ ചെറുകര-അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതി യുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റ് ആയി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

### 3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 29 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദൻ സാമൂഹിക വിവരശേഖകൻ | 13 വർഷത്തെ പ്രവർത്തന പരിചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദ, സാമൂഹിക വിവരശേഖക | 20 വർഷത്തെ പ്രവർത്തന പരിചയം |
| 4. | എം.ഇബ്രാഹിംകുട്ടി | സാമൂഹിക ശാസ്ത്രജ്ഞൻ | Rtd.ജോയിന്റ് ഡയറക്ടർ സോഷ്യൽ വെൽഫെയർ ബോർഡ് 35 വർഷത്തെ പ്രവർത്തി പരിചയം |
| 5. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവര ക്രോഡീകരണം | 27 വർഷത്തെ പ്രവർത്തി പരിചയം |
| 6. | എൻ.വിജയകുമാര പിള്ള | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd. റവന്യൂ ഇൻസ്പെക്ടർ |
| 7. | ഒ.സി.ചാണ്ടി | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd. വില്ലേജ് ഓഫീസർ |

### 3.3. പഠന സമീപനം

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽ ഏലംകുളം വില്ലേജിൽപ്പെട്ട ഭൂമി ചെറുകര -അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിക്ക് വേണ്ടി ഉദ്ദേശം 0.33 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഈ പ്രദേശത്തെ ഇരുപത് ഭൂമികളെ പദ്ധതി ബാധിക്കപ്പെടുന്നുണ്ട്. പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, സെപ്ഷ്യൽ തഹസിൽദാർ ഓഫീസ്, കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതരുടെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് ഓരോ പദ്ധതി ബാധിത കുടുംബത്തെയും സന്ദർശിച്ച് സാമൂഹിക - സാമ്പത്തിക- സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി ബാധിതരുടെ കൂട്ടായ ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ഉണ്ടായി. ഇതിനെ തുടർന്ന് 2022 ജൂൺ 15നു പൊതു അഭിപ്രായ സ്വീകരണയോഗം നടത്തുകയും അഭിപ്രായങ്ങൾ ശേഖരിക്കുകയും ചെയ്തു. ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു.

### 3.4. പദ്ധതിയുടെ രീതി ശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

പദ്ധതി സംബന്ധമായി ലഭ്യമായ എല്ലാ രേഖകളും വിവിധ ഓഫീസുകളിൽ നിന്നും ശേഖരിക്കുകയും പദ്ധതി പ്രദേശങ്ങളിൽ നിരന്തരം സന്ദർശിക്കുകയും വിവിധ വ്യക്തികളുമായി കൂടിയാലോചനകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ബാധിതരെ കണ്ടെത്തുകയും അവരുമായി നേർക്കുനേർ സംസാരിച്ച് മുൻ തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവരശേഖണം നടത്തുകയും ഉണ്ടായി. ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും പദ്ധതി ബാധിതരുമായി കൂടിയാലോചനകൾ നടത്തി സാമൂഹിക പ്രത്യാഘാതത്തിന്റെ വ്യാപ്തിയും തോതും വിവിധ ഗവേഷണ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി വിശകലനം ചെയ്യുകയാണ് ഉണ്ടായത്. മേൽപ്പറഞ്ഞ വിവരശേഖരണത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ കരട് റിപ്പോർട്ട് തയ്യാറാക്കുകയും ആയത് 2022 ജൂൺ 15-ാം തീയതി നടന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ പദ്ധതി ബാധിതർ ഉയർത്തിയ നിർദ്ദേശങ്ങളും ചർച്ചകളും ഉൾപ്പെടുത്തി 2022 ജൂൺ 18-ാംതീയതി സാമൂഹിക ആഘാത പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

### 3.5. വിവര ശേഖരണ കേന്ദ്രങ്ങൾ

1. സ്പെഷ്യൽ തഹസിൽദാർ (എൽ.എ, ജനറൽ) മലപ്പുറം
2. കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഓഫീസ്
3. വില്ലേജ് ഓഫീസ്- ഏലംകുളം

KERALA V.H.S. MULLAKKUZHY KOTTAYAM-2 COLLECTORATE P.O.

5. പഞ്ചായത്ത് ഓഫീസ്, ഏലംകുളം

6. പദ്ധതി ബാധിതരായ കുടുംബങ്ങളും ഭൂഉടമകളും

7. ജന പ്രതിനിധികൾ

### 3.6. നടപടികളും സമയക്രമങ്ങളും

26/05/2022 - സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

20/05/2022- 22/05/2022-സെക്കന്ററി വിവര ശേഖരണം (ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം)

21/05/2022 - 22/05/2022 - പദ്ധതി പങ്കാളികളെ / താൽപര്യമുള്ളവരെ കണ്ടെത്തൽ (ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം)

27/05//2022 - 28/05/2022 - സാമൂഹിക സർവ്വേ

19/05/2022 & 23/05/2022 - ട്രാൻസിറ്റ് വോക്ക്, ഒബ്സർവേഷണൽ സ്റ്റഡി, വ്യക്തിഗത പഠനങ്ങൾ (ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം)

28/05/2022 - കരട് റിപ്പോർട്ട്

15/06/2022 - പൊതു അഭിപ്രായ സ്വീകരണ യോഗം

18/06/2022 - അന്തിമ റിപ്പോർട്ട്

### 3.7.പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയബന്ധിതമായ ഭൂമി ഏറ്റെടുക്കൽ പ്രത്യാഘാതം കുറയ്ക്കാൻ സഹായകമാണ്.
2. ഭൂമിയുടെ നഷ്ടപരിഹാരത്തുക ഭൂവുടമകളുമായി കൂടിയാലോചിച്ച് നിശ്ചയിക്കേണ്ടതാണ്.
3. പദ്ധതി രൂപരേഖയും, ലെവൽസ് സംബന്ധമായ വിവരങ്ങളും, പദ്ധതി ബാധിതരുമായി പങ്കുവയ്ക്കുകയും അവരുടെ സംശയങ്ങൾ ദൂരീകരിക്കുകയും വേണം.
4. പുനരധിവാസ- പുനർവാസ നടപടികൾ ഭൂമി ഏറ്റെടുക്കലിന് മുമ്പ് നടപ്പിലാക്കണം.
5. ഇപ്പോഴത്തെ പ്രവേശനമാർഗ്ഗങ്ങൾ പൂർണ്ണമായും പുനസ്ഥാപിച്ച് നൽകണം.
6. നഷ്ടപ്പെടുന്ന ഭൂമിക്കും, തൊഴിലിനും ചമയങ്ങൾക്കും ന്യായമായ നഷ്ടപരിഹാരം നൽകണം.
7. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ സംബന്ധമായും, നടത്തിപ്പ് സംബന്ധമായും ഉള്ള വിവരങ്ങൾ കൃത്യമായ ഇടവേളകളിൽ പദ്ധതിബാധിതരെ അറിയിക്കണം.
8. പുനരധിവാസവും- പുനർവാസവും നടപടികൾ മുൻകൂട്ടി പദ്ധതി ബാധിരെ അറിയിച്ച് അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തണം.

### 3.8. പൊതു അഭിപ്രായ സ്വീകരണ യോഗം — 15-06-2022, ചെറുകര എ.യു.പി സ്കൂൾ, രാവിലെ 11 മണി

പൊതു അഭിപ്രായ സ്വീകരണ സംബന്ധമായ അറിയിപ്പ് പ്രധാന ദിനപത്രങ്ങളായ ജനയുഗം, മംഗളം എന്നിവയിൽ പ്രസിദ്ധീകരിക്കുകയും, പദ്ധതി ബാധിതന്റെ മേൽവിലാസത്തിൽ പൊതു അഭിപ്രായ സ്വീകരണ യോഗം സംബന്ധമായ കത്ത് നൽകുകയും, വിശദ



KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

മായ സന്ദേശം പദ്ധതി ബാധിതന്റെ ഫോണുകളിൽ നൽകുകയും, പദ്ധതി ബാധിതനെ ഫോണിൽ ബന്ധപ്പെടുകയും ഉണ്ടായി. ഇത് കൂടാതെ യോഗം സംബന്ധമായ അറിയിപ്പ് വില്ലേജ് ഓഫീസുകൾ, പഞ്ചായത്ത് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കുകയും, ഫോൺ വഴി അറിയിക്കുകയും ചെയ്തു. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ കരട്, നിയമം നിർദ്ദേശിക്കുന്ന എല്ലാ ഓഫീസുകളിലും പൊതുജനങ്ങളുടെ പരിശോധനയ്ക്ക് സഹായകരമായ വിധം പ്രസിദ്ധീകരിക്കുകയും യോഗ ദിവസം റിപ്പോർട്ടിന്റെ പകർപ്പുകൾ ആവശ്യമായ രീതിയിൽ വിതരണം ചെയ്യുകയും ചെയ്തു. യോഗത്തിൽ പഞ്ചായത്ത് ജനപ്രതിനിധികൾ, നടപ്പാക്കൽ ഏജൻസി, സ്പെഷ്യൽ തഹസിൽദാർ എൽ.എ, എന്നിവിടങ്ങളിൽ നിന്നുള്ളവരുടെ സാന്നിധ്യം ഉറപ്പാക്കുന്ന വിധം അറിയിപ്പുകൾ നൽകുകയും ഉണ്ടായി.

ശ്രീമതി. ഹയറുന്നീസ കെ, വൈസ് പ്രസിഡന്റ് ഏലംകുളം ഗ്രാമ പഞ്ചായത്ത്, ശ്രീമതി. വിജയലക്ഷ്മി കെ., വാർഡ് മെമ്പർ, ആലുംകൂട്ടം, ശ്രീ. എസ്. ഹരിദാസൻ, ഡി.ജി.എം. കെ.ആർ.ഡി.സി.എൽ., ശ്രീ. മിഥുൻ ജോസഫ്, സെക്ഷൻ എൻജിനീയർ, കെ.ആർ.ഡി.സി.എൽ., ശ്രീ. ശബരിനാഥൻ. വി.എ., എൽ.എ.(ജനറൽ) സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, മലപ്പുറം, എന്നിവരും പദ്ധതി ബാധിതരായ ഭൂഉടമസ്ഥരും പങ്കെടുത്തു.

15-06-2022 ൽ ചെറുകര എ.യു.പി സ്കൂളിൽ വച്ച് നടന്ന പൊതു അഭിപ്രായ സ്വീകരണത്തിൽ (ഫോറം- 5, റൂൾ 14 (1), ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013) പദ്ധതി ബാധിതർ ഉന്നയിച്ച പ്രധാന കാര്യങ്ങൾ

| ക്രമ നം. | അഭിപ്രായങ്ങൾ | വിശദീകരണം |
|---|---|---|
| 1 | **ശ്രീ. ഉസ്മാൻ, പുന്നശ്ശേരി, ജുമാത്ത് മുസ്ലീം പള്ളി**<br>തങ്ങളുടെ ആരാധനാലയത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി നഷ്ടപ്പെടുന്നുണ്ട്. അതിലുള്ള വാടകയ്ക്ക് നൽകിയിരിക്കുന്ന വീട്, കോൺക്രീറ്റ് റിംഗ് ഉണ്ടാക്കാൻ വാടകയ്ക്ക് കൊടുത്തിരിക്കുന്ന സ്ഥലം എന്നിവ പള്ളിയുടെ വരുമാനമാർഗ്ഗമാണ്. പല സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്കും ഈ വരുമാനമാണ് ഉപയോഗപ്പെടുത്തുന്നത് അതുകൊണ്ട് ന്യായമായ നഷ്ടപരിഹാരം നൽകണം | ശ്രീ. മിഥുൻ ജോസഫ്, സെക്ഷൻ എൻജിനീയർ, കെ.ആർ.ഡി.സി.എൽ.,<br><br>പദ്ധതി 2018-19ൽ അംഗീകരിക്കപ്പെട്ടതാണ് എല്ലാവിധ പഠനങ്ങൾക്കും ശേഷമാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. അമ്പത് കിലോമീറ്റർ സ്പീഡിൽ പോകാൻ തക്കവണ്ണം ആണ് ചരിവ്, വീതി, വളവ് എന്നിവ രൂപകൽപ്പന നടത്തിയിരിക്കുന്നത്. ഏറ്റവും പുതിയ സാങ്കേതിക വിദ്യയുമാണ് കൈവരി നിർമ്മാണത്തിന് തിരഞ്ഞെടുത്തിരിക്കു |

| | | |
|---|---|---|
| 2 | ശ്രീ.ബാബു,<br>ശ്രീ. സുബ്രമണ്യൻ<br>ശ്രീ.കെ.സുരേഷ്<br>ശ്രീ പള്ളിത്തൊടി കളരി ഭഗവതി ക്ഷേത്ര പ്രതിനിധികൾ<br><br>തങ്ങളുടെ അമ്പലത്തിന്റെ ഉടമസ്ഥതയിലുള്ള കളരിത്തറയുടെ ഭൂമി നഷ്ടപ്പെടുന്നു. ഭൂമി മാത്രമല്ല ക്ഷേത്രത്തിന് തൊട്ടു ചേർന്നാണ് അതിർത്തികല്ലിട്ടിരിക്കുന്നത്. അനേകം അനുഷ്ഠാനങ്ങൾ ഉള്ള ക്ഷേത്രമാണ്. ഞങ്ങൾ ഏതാനും വർഷം മുമ്പ് ദേവപ്രശ്നം വച്ചിരുന്നു അപ്പോൾ ക്ഷേത്രം അവിടെനിന്നും മാറ്റാൻ പാടില്ല എന്നാണ് കണ്ടെത്തിയത് . ഇരുപതോളം ഉപദൈവങ്ങൾ കുടിയിരിക്കുന്ന കളരി ക്ഷേത്രമാണ്. കേരളത്തിൽ തന്നെ രണ്ട് ക്ഷേത്രം മാത്രമാണ് ഇതുപോലെ പ്രാധാന്യമുള്ളത്. വർഷത്തിൽ മൂല ക്ഷേത്രത്തിൽനിന്നും താലപ്പൊലിയെഴുന്നള്ളത്തുണ്ട് ആന കൾ കളരി ക്ഷേത്രത്തിന് വലംവയ്ക്കുന്നത് വലിയ ആചാരമാണ്. അതുകൊണ്ട് ഒരു മൂന്ന് മീറ്റർ ഇപ്പോഴുള്ള അതിർത്തിക ല്ലിൽ നിന്നും ഒഴിവാക്കി നൽകണം. വലിയ വെള്ളമൊഴുക്കുള്ള സ്ഥലമാണ്. വെള്ളം ഒഴുക്കിക്കളയാൻ ചാല് നിർമ്മിക്കണം. | ന്നത്. സർവ്വീസ് റോഡ് നാല് മീറ്റർ എങ്കിലും വേണം. കൂടാതെ വെള്ളം ഒഴുക്കിവിടുന്നതിനുള്ള ചാലുകൾ ഉണ്ടാകും എല്ലാവരും സഹകരിക്കണം.<br><br>ശ്രീ. ശബരിനാഥൻ. വി.എ., എൽ.എ.(ജനറൽ) സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം<br><br>നഷ്ടപരിഹാര നിർണയത്തിന് മാനദണ്ഡങ്ങളുണ്ട്. എല്ലാം സുതാര്യമാണ് കൂട്ടുടമസ്ഥർ അവരുടെ നഷ്ടപരിഹാരം ആരുടെ പേരിൽ നൽകണമെന്ന് കൂട്ടായി തീരുമാനിച്ചു അറിയിക്കണം തർക്കങ്ങൾ ഉണ്ടായാൽ കോടതിയിൽ കെട്ടിവയ്ക്കും. അത് നഷ്ടപരിഹാരം ലഭിക്കുന്നത് തടസ്സപ്പെടുത്തും. എല്ലാവരും സഹകരിക്കണം |
| 3 | ശ്രീ. ഹംസ, എം.വി<br>എന്റെ ബന്ധുവിന്റെ വീടാണ് കളരി യോട് ചേർന്നുള്ളത്. കളരിക്ക് നൽകുന്ന ആനുകൂല്യങ്ങൾ നൽകി യാൽ വീടിന്റെ വളരെ അടുത്ത് പദ്ധതി പോകുന്നത് ഒഴിവാക്കി കിട്ടും<br>. | |

| | | |
|---|---|---|
| 4 | **ശ്രീമതി. ലക്ഷ്മി ഭായി**<br>കളരി ക്ഷേത്രം നിലനിൽക്കുന്ന അതേ വശത്ത് എന്റെ കടമുറികൾ നഷ്ടപ്പെടുന്നു വളരെ വർഷങ്ങളായി നടത്തിക്കൊണ്ടു പോകുന്നതാണ്. ജീവിതോപാധിയാണ്. നല്ല നഷ്ടപരിഹാരം നൽകണം. | |
| 5 | **ശ്രീ. അബ്ദുൾ സലാം**<br><br>സ്കൂളിന്റെ എതിർദിശയിൽ പദ്ധതിമൂലം നഷ്ടപ്പെടുന്ന വ്യാപാര സ്ഥാപനത്തിന്റെ ഉടമസ്ഥനാണ്. വർഷങ്ങളായി വ്യാപാരം നടത്തുകയാണ്. ഉപജീവനം നഷ്ടപ്പെടുന്നു. നല്ല പുനരധിവാസ സഹായം നൽകണം. | |
| 6 | **ശ്രീ. ജിബിൻ, ആവയിൽ വീട്**<br>വർഷങ്ങളായി താമസിക്കുന്ന വീട് നഷ്ടപ്പെടുന്നു. വേറെ സ്ഥലം ഇല്ല. നല്ല നഷ്ടപരിഹാരം നൽകണം. | |
| 7 | **ശ്രീമതി. ഹയറുന്നീസ കെ, വൈസ് പ്രസിഡന്റ് ഏലംകുളം ഗ്രാമ പഞ്ചായത്ത്**<br>വികസനപ്രവർത്തനങ്ങളെ പൂർണ്ണമായി അംഗീകരിക്കുന്നു എന്നാൽ പദ്ധതി ബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കണം. | |
| 8 | **ശ്രീമതി. വിജയലക്ഷ്മി കെ., വാർഡ് മെമ്പർ, ആലുംകൂട്ടം,**<br>വർഷങ്ങളായുള്ള ആവശ്യമാണ് മേൽപ്പാലം. ബാധിക്കപ്പെടുന്നവരുടെ പ്രശ്നങ്ങൾ സുതാര്യമായി പരിഹരിക്കണം. നല്ല നഷ്ടപരിഹാരം നൽകണം.<br>സ്കൂളിന്റ അടുത്തായി നടപ്പാതയിൽ നിന്നും ഒരു സ്റ്റെപ്പ് നിർമ്മിച്ച് നൽകിയാൽ സ്കൂളിന് ഉപകാരമാകും. | |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

# അദ്ധ്യായം 4
# പദ്ധതി ഭൂമിയുടെ വിശകലനം

### 4.1. ഭൂമിയുടെ വിവരണം

മലപ്പുറം ജില്ലയിലെ ഒരു ചെറിയ ഗ്രാമമാണ് ചെറുകര. മുസ്ലീം ഭൂരിപക്ഷമായ പ്രദേശത്ത്, ഇതര മതസ്ഥരും ഇടകലർന്ന് വസിക്കുന്നു. പെരിന്തൽമണ്ണ ജംഗ്ഷനിൽ നിന്നും ആറ് കിലോമീറ്റർ മാത്രം മാറി സ്ഥിതി ചെയ്യുന്ന പദ്ധതി പ്രദേശത്ത് കൂടി ഷൊർണ്ണൂർ - നിലമ്പൂർ റെയിൽപാത കടന്നു പോകുന്നു. പെരിന്തൽമണ്ണ- ഷൊർണ്ണൂർ ദേശീയ പാതയും ചെറുകര യിലൂടെയാണ് പോവുന്നത്. വിദ്യാഭ്യാസ - ആരോഗ്യ സൂചകങ്ങളിൽ സംസ്ഥാന ശരാശരി യോടൊപ്പം നിൽക്കുന്ന പ്രദേശം സ്ത്രീ - പുരുഷ അനുപാതത്തിൽ സംസ്ഥാന ശരാശരി യേക്കാളും മുന്നിലാണ്. പൊതുവേ താമസ പ്രധാന പ്രദേശമായി കണക്കാക്കാം എങ്കിലും സംസ്ഥാന പാതയുടെ ഓരങ്ങൾ വാണിജ്യ പ്രധാനമാണ്.

### 4.2. പദ്ധതി പ്രദേശത്തിൽ ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.

പെപെരിന്തൽമണ്ണ - ഷൊർണ്ണൂർ റോഡിൽ ചെറുകര ലെവൽക്രോസിൽ മേൽപ്പാലം നിർമ്മിക്കുന്നത് പ്രദേശത്തെ ഗതാഗതസുഗമമാക്കുകയും ആയത് പ്രാദേശിക വികസനത്തെ ത്വരിതപ്പെടുത്തുകയും ചെയ്യും. ദിവസേന മൂവായിരത്തി എഴുന്നൂറിൽ അധികം വാഹന ങ്ങൾ പ്രത്യേകിച്ച് ആയിരത്തിഎഴുനൂറിലധികം ഭാരവണ്ടികൾ കടന്നു പോകുന്ന സംസ്ഥാന പാതയിലെ മേൽപ്പാലം ആയിരകണക്കിന് യാത്രക്കാർക്ക് പ്രയോജനകരമാണ്. കൂടാതെ പാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന രണ്ടായിരത്തോളം കുട്ടികൾ പഠിക്കുന്ന സ്കൂളിൽ സുരക്ഷിതത്വം പദ്ധതി മൂലം ഉണ്ടാവുന്നു. എന്നാൽ പദ്ധതി പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും എന്നാൽ പദ്ധതി മൂലം പ്രധാന ഗതാഗത പാതയിൽ നിന്നും മാറ്റപ്പെടുന്നതു മായ വ്യാപാര സ്ഥാപനങ്ങൾക്ക് വ്യാപാര നഷ്ടം ഉണ്ടാവാൻ സാധ്യതയുണ്ട്. എന്നാൽ പദ്ധതി മൂലം ഉണ്ടാവുന്ന വർദ്ധിത വാഹന ഗതാഗതം തങ്ങളുടെ പ്രത്യാഘാത ലഘൂകരണ ത്തിന് സഹായകരമാവും വിധം വിനിയോഗിക്കാൻ സാധിക്കുന്ന വിധം കൂട്ടായ നടപടികൾ സ്വീകരിക്കുന്നത് പ്രത്യാഘാതം കുറയ്ക്കാൻ സഹായിക്കും.

### 4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ വിവരണം.

പദ്ധതിക്കുവേണ്ടി 0.33 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പെരി ന്തൽമണ്ണ - ഷൊർണ്ണൂർ സംസ്ഥാന പാത ( എസ്.എച്ച്.23) ഷൊർണ്ണൂർ - നിലമ്പൂർ റെയിൽവേ ലൈൻ മുറിച്ചു കടക്കുന്ന ചെറുകര ലെവൽ ക്രോസിന്റെ കിഴക്കും പടിഞ്ഞാറും വശങ്ങളിലായി സംസ്ഥാന പാത 23- ന്റെ ഇരു വശങ്ങളിലുമുള്ള ഇരുപത് ഭൂഉടമസ്ഥരുടെ ഭൂമിയാണ് പദ്ധതി പ്രദേശം. ഇതിൽ രണ്ട് വിദ്യാഭ്യാസ സ്ഥാപന ഭൂമി, ഒരു മുസ്ലീം ആരാധ നാലയ ഭൂമി, ഒരു അമ്പലം വക സ്ഥലം എന്നിവയും ഉൾപ്പെടുന്നു. പദ്ധതി ഭൂമിയിൽ ഒരു താമസ ഭവനം, ഒരു വാടകയ്ക്ക് നൽകിയ ഭവനം, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മതിൽ, ശുചിമുറി, വീടുകളുടെ ചുറ്റുമതിൽ എന്നിവ ചമയങ്ങളായി സ്ഥിതി ചെയ്യുന്നു. നൂറ്റാണ്ടുക ളായി പ്രാദേശിക അമ്പലത്തിന്റെ കളരിത്തറയായി കണക്കാക്കുന്നതും, വർഷത്തിൽ ഒരി



KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

യ്ക്കൽ ആചാര വിധി പ്രകാരം കർമ്മങ്ങൾ നടത്തുന്നതുമായ കളരിത്തറ പദ്ധതി ഭൂമിയിൽ ഉൾപ്പെടുന്നു. കൂടാതെ പല താമസ ഭവനങ്ങളുടെയും പ്രവേശന മാർഗ്ഗം, മുൻഭാഗത്തെ മുറ്റം എന്നിവയും പദ്ധതി ഭൂമിയിൽ ഉൾപ്പെടുന്നു. പൊതുവെ താമസ പ്രധാനം എന്ന് കണക്കാക്കിയാലും സംസ്ഥാന പാതയുടെ സാമീപ്യം പദ്ധതി പ്രദേശത്തെ വാണിജ്യ പ്രധാന്യം വർദ്ധിപ്പിക്കുന്നു. എസ്.എൻ.ഡി.പി. ശതാബ്ദി സ്മാരക റോഡ്, ചെറുകര കൊല്ലക്കോട് മുക്ക് റോഡ് എന്നിവ പദ്ധതി പ്രദേശത്ത് വന്ന് ചേരുന്നു.

**4.4. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.**

സർക്കാർ ഭൂമി, റെയിൽവേ ഭൂമി പദ്ധതി ബാധിക്കുന്നു.

**4.5. പദ്ധതിക്കുവേണ്ടി ഏതെങ്കിലും ഭൂമി മുൻകൂട്ടി വാങ്ങുകയോ മാറ്റിവയ്ക്കപ്പെടുകയോ, വാടകയ്ക്ക് എടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരണം.**

ബാധകമല്ല

**4.6. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്ഥാനം, വിസ്തീർണ്ണം മറ്റു വിവരങ്ങൾ**

പദ്ധതിക്കുവേണ്ടി 0.33 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പെരിന്തൽമണ്ണ - ഷൊർണ്ണൂർ സംസ്ഥാന പാത (എസ്.എച്ച്.23) ഷൊർണ്ണൂർ - നിലമ്പൂർ റെയിൽവേ ലൈൻ മുറിച്ചു കടക്കുന്ന ചെറുകര ലെവൽ ക്രോസിന്റെ കിഴക്കും പടിഞ്ഞാറും വശങ്ങളിലായി സംസ്ഥാന പാത 23- ന്റെ ഇരു വശങ്ങളിലുമുള്ള ഇരുപത് ഭൂഉടമസ്ഥരുടെ ഭൂമിയാണ് പദ്ധതി പ്രദേശം. ഇതിൽ രണ്ട് വിദ്യാഭ്യാസ സ്ഥാപന ഭൂമി, ഒരു മുസ്ലീം ആരാധനാലയ ഭൂമി, ഒരു അമ്പലം വക സ്ഥലം എന്നിവയും ഉൾപ്പെടുന്നു.

**4.7. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്വഭാവം, ഘടന, കൃഷി രീതി, ജല ലഭ്യത**

| ക്രമ നം. | ഭൂമിയുടെ സ്വഭാവം | നിലവിലെ ഉപയോഗം | ജല ലഭ്യത | കൃഷി രീതി | പുരയിടങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1 | കരഭൂമി | താമസ സ്ഥലം | ജലസേചന സൗകര്യം ഉള്ളത് | ബാധകമല്ല | 7 |
| 2. | കരഭൂമി | വാണിജ്യം | ജലസേചന സൗകര്യം ഉള്ളത് | ബാധകമല്ല | 9 |
| 3 | കരഭൂമി | സർക്കാർ/ സാംസ്കാരിക/ മത സ്ഥാപനം | ജലസേചന സൗകര്യം ഉള്ളത് | ബാധകമല്ല | 4 |
| | ആകെ | | | | 20 |



KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

**4.8. വസ്തുവിന്റെ വിസ്തൃതി, ഉടമസ്ഥതാ സ്വഭാവം, വിവരണം, താമസഭവനങ്ങളുടെ എണ്ണം.**

പദ്ധതിബാധിത പ്രദേശത്തെ പുരയിടത്തിന്റെ ശരാശരി വിസ്തീർണ്ണം സംസ്ഥാന ശരാശരിക്ക് തുല്യമായി നിൽക്കുന്നു. താഴെപ്പറയുന്ന രീതിയിലാണ് പദ്ധതി പ്രദേശത്തെ പുരയിടങ്ങളിൽ ഉടമസ്ഥാവകാശം.

| പുരയിടത്തിന്റെ വിസ്തീർണ്ണം | എണ്ണം |
|---|---|
| 10 സെന്റ് ≤ | 5 |
| 10-20 | 4 |
| 20-30 | 4 |
| 30-40 | 2 |
| 40-50 | 3 |
| 50 സെന്റിന് മുകളിൽ | 2 |
| ആകെ | 20 |

**4.9. ഭൂമി വില, ഉടമസ്ഥാവകാശത്തിലെ മാറ്റങ്ങൾ, ഭൂമി കൈമാറ്റം, ഭൂമിയുടെ ഉപയോഗം- കഴിഞ്ഞ 3 വർഷങ്ങളിൽ**

ബാധകമല്ല.

KERALA VHS * MULLANKUZHY KOTTAYAM * COLLECTORATE P.O.

## അദ്ധ്യായം 5
## ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

### 5.1. പദ്ധതിനേരിട്ട് ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

